പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5986 04.11.2016 -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷകൾ

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലെ ഓരോ സെമസ്റ്ററുകളിലേയും പരീക്ഷകൾ യഥാസമയം നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസ് എൽ.എൽ.ബി. കോഴ്സിന്റെ ഓരോ സെമസ്റ്ററിനും 90 പ്രവൃത്തിദിവസം നിഷ്കർഷിക്കുന്നുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി 90 പ്രവൃത്തി ദിവസങ്ങൾ പൂർത്തിയാക്കുന്ന ക്രമത്തിൽ അതാത് സെമസ്റ്റർ പരീക്ഷകൾ നടത്തിവരുന്നു. |
| (ബി) | രണ്ടാം സെമസ്റ്റർ പഠനം ആരംഭിച്ചിട്ട് മാസങ്ങൾ പിന്നിട്ടിട്ടും ആദ്യ സെമസ്റ്ററിന്റെ പരീക്ഷാ തീയതിയും ടൈംടേബിളും പ്രസിദ്ധീകരിക്കാത്തതു മൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാലിക്കറ്റ് യൂണിവേഴ്സിറ്റി ഒന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. റെഗുലർ / സപ്ലിമെന്ററി പരീക്ഷകൾ 2016 ഓഗസ്റ്റ് 29 ന് നടത്തിയിട്ടുണ്ട്. |
| (സി) | യഥാസമയം വിവിധ കോഴ്സുകളിൽ പരീക്ഷകൾ നടത്താത്തതും നടത്തിയ പരീക്ഷകളുടെ റിസൽറ്റ് യഥാസമയം പ്രസിദ്ധീകരിക്കാത്തതും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യാത്തതുമായ വിഷയങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത വിഷയങ്ങളിൻമേൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ